പി&എം എ(1) 3996/2021 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം,തീയതി:**04/12/2021**

## സർക്കുലർ നമ്പർ - ...51...../2021

വിഷയം: സഹകരണ വകുപ്പ്- സംസ്ഥാന പദ്ധതി, എൻ.സി.ഡി.സി പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന ധനസഹായം, തിരിച്ചടവ് -മാർഗ്ഗനിർദ്ദേശം-സംബന്ധിച്ച്

സൂചന: 1. സഹകരണസംഘം രജിസ്ട്രാറുടെ അദ്ധ്യക്ഷതയിൽ 24/09/2021 ന് ചേർന്ന അവലോകനയോഗത്തിലെ തീരുമാനം.
2. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10/11/2021 ന് ചേർന്ന യോഗത്തിലെ തീരുമാനം.
3. 46/2021 നമ്പർ സർക്കുലർ.

സംസ്ഥാന പദ്ധതി, എൻ.സി.ഡി.സി പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി വിവിധ സ്കീമുകളിലൂടെ സഹകരണ സ്ഥാപനങ്ങൾ/സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ചും ധനസഹായത്തിന്റെ വിനിയോഗം സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സഹകരണ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ സംബന്ധിച്ച് സഹകരണ സംഘങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ജില്ലയിൽ ഒരു മാർഗ്ഗനിർദ്ദേശ സമിതി രൂപീകരിക്കേണ്ടതാണ്. (ടി സമിതിയിൽ ജില്ലാ/താലൂക്ക് തല ഉദ്യോഗസ്ഥരും ജില്ലയിൽ പ്രവർത്തന പരിചയമുള്ള സംഘങ്ങളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തേണ്ടതാണ്). ടി സമിതിയുടെ യോഗം 6 മാസത്തിലൊരിക്കൽ ചേരേണ്ടതും മിനിട്സിന്റെ പകർപ്പ് ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

2. സഹകരണ സംഘങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾ പരിശോധിക്കുന്നതിനായി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ), ഡെപ്യൂട്ടി രജിസ്ട്രാർ(ഭരണം), അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) & അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി/എസ്.ടി) എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും ടി കമ്മിറ്റി പരിശോധിച്ച് ശുപാർശ ചെയ്യുന്ന പരമാവധി പ്രോജക്ടുകൾ ഓരോ സാമ്പത്തിക വർഷവും ഏപ്രിൽ മാസം തന്നെ വർക്കിംഗ് ഗ്രൂപ്പിന് സമർപ്പിക്കാൻ കഴിയും വിധം ഈ ആഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

3. പദ്ധതി തുകയുടെ വിനിയോഗം, തിരിച്ചടവ്, വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കൽ സംബന്ധിച്ച വിഷയങ്ങളിൽ ജോയിന്റ് രജിസ്ട്രാർ ആഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) നെ ജില്ലാ നോഡൽ

ആഫീസറായി നിയമിക്കുക.

4. പദ്ധതി ധനസഹായമായി അനുവദിക്കുന്ന തുക സംഘം പിൻവലിച്ച് 6 മാസത്തിനുള്ളിൽ വിനിയോഗിക്കേണ്ടതും വിനിയോഗസർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുമാണ്.

5. പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന സഹകരണ സംഘങ്ങൾ/സ്ഥാപനങ്ങൾ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനോടൊപ്പം സമർപ്പിക്കേണ്ട വിവരങ്ങളുടെ മാതൃക ഇതോടൊപ്പം ചേർക്കുന്നു. വിനിയോഗ സർട്ടിഫിക്കറ്റ്, പ്രദർശനബോർഡ് സ്ഥാപിച്ചിട്ടുള്ളതിന്റെ സാക്ഷ്യപത്രം എന്നിവയ്ക്കൊപ്പം ടി ഫോർമാറ്റ് കൂടി സംഘത്തിൽ നിന്നും വാങ്ങി ജോയിന്റ് രജിസ്ട്രാർ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

| | | | | |
|---|---|---|---|---|
| 1 | സഹകരണസംഘം/സ്ഥാപനത്തിന്റെ പേര്,പൂർണ്ണമായ വിലാസം,ഫോൺ നമ്പർ, ഇമെയിൽ അഡ്രസ്സ് | | | |
| 2 | താലൂക്ക്, ജില്ല | | | |
| 3 | ധനസഹായത്തിനായി സമർപ്പിച്ചിരുന്ന പ്രോജക്ടിന്റെ പേര്, അടങ്കൽ തുക | | | |
| 4 | പ്രോജക്ടിനായി അനുവദിച്ച ധനസഹായതുക | സബ്സിഡി | ഓഹരി | വായ്പ |
| | | | | |
| 5 | പ്രോജക്ട് നടപ്പിലാക്കുന്നതിനായുള്ള സംഘത്തിന്റെ വിഹിതം | | | |
| 6 | ധനസഹായം അനുവദിച്ചുകൊണ്ടുള്ള സഹകരണസംഘം രജിസ്ട്രാറുടെ ഉത്തരവ്. | | | |
| 7 | പ്രോജക്ട് ആരംഭിച്ച തീയതി | | | |
| 8 | പ്രോജക്ട് പൂർത്തീകരിച്ച തീയതി | | | |
| 9 | നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടോ (സർക്കുലർ നമ്പർ 46/2021 പ്രകാരമുള്ളത്) | | | |
| 9 | ടി പ്രോജക്ട് നടപ്പിലാക്കിയതിലൂടെ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ | | | |
| 10 | ടി പ്രോജക്ടിലൂടെ ആരംഭിച്ച വ്യാപാരപ്രവർത്തനം | | | |
| 11 | ടി പ്രോജക്ടിലൂടെ ഉണ്ടായ പ്രധാന നേട്ടം | | | |

6. 20.00 ലക്ഷം രൂപ മുതൽ പദ്ധതി ധനസഹായം അനുവദിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ/സ്ഥാപനങ്ങൾ നടപ്പിലാക്കിയ പ്രോജക്ടിന്റെ ഫോട്ടോ/വീഡിയോ എന്നിവ ഈ ആഫീസിലേക്ക് Mail ചെയ്തു നൽകേണ്ടതാണ്.

7. പദ്ധതി നിർവ്വഹണത്തിനായി സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ വിനിയോഗം , പ്രോജക്ട് പുരോഗതി എന്നിവ ഓരോ ആറു മാസം കൂടുമ്പോഴും ഖണ്ഡിക 1 പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റി നിരീക്ഷിക്കേണ്ടതും ടി സംഘത്തിന്റെ പ്രതിനിധികളുടെ യോഗം ചേർന്ന് പുരോഗതി വിലയിരുത്തി റിപ്പോർട്ടിന്റെയും മിനിട്സിന്റെയും പകർപ്പുകൾ ഈ ആഫീസിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഒപ്പ്
പി.ബി.നൂഹ് ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

<u>പകർപ്പ്</u>

1. സഹകരണസംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
3. സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും.
4. സഹകരണ വീഥി (പ്രസിദ്ധീകരണത്തിന്)
5. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
6. വെബ് സൈറ്റ്
7. സ്റ്റോക്ക് ഫയൽ.

//നിർദേശാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (പി.ആന്റ്.എം-എ)